31

# ക്രൂശിനാൽ വിശുദ്ധീകരിക്കപ്പെട്ടു

**1 കൊരിന്ത്യർ 1:26-31**

*"എന്നാൽ ഇപ്പോൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസന്മാരായിരിക്കയാൽ, നിങ്ങൾക്കു ലഭിക്കുന്ന ഫലം, വിശുദ്ധീകരണവും, അതിന്റെ അന്തം, നിത്യജീവനും ആകുന്നു" (റോമർ 6:22).*

ക്രിസ്ത്യാനികൾ നിലനില്ക്കുന്നതു പാപികളെ രക്ഷിക്കുവാനും ശിഷ്യന്മാരെ ഉണ്ടാക്കുന്നതിനുമാണ് (മത്തായി 28:18–20). എങ്ങനെയായാലും, സുവിശേഷ പ്രവർത്തനം, ഒരിക്കൽ "അകത്തും," ഇപ്പോൾ "പുറത്തുമാണ്." "താൻ നഷ്ടപ്പെട്ടവനാണെന്ന തോന്നലില്ലാത്തവനെ രക്ഷിക്കേണ്ടതെന്തിനു?" എന്ന് ചിലർ ചോദിക്കും.

**സമർപ്പണം**

വിശുദ്ധീകരണം ഒരിക്കലും "അകത്ത്" ആയിരുന്നില്ല. അതെന്താണെന്നുപോലും നമ്മിൽ അധികം പേർക്കും അറിയില്ല. "വിശുദ്ധീകരണം," നിസ്സാരമായി പറഞ്ഞാൽ, ദൈവത്തിന്റെ ഉപയോഗത്തിന് "മാറ്റി നിർത്തുക, സമർപ്പിക്കുക" എന്നാണ്. മതപരമായി, അതിന്റെ അർത്ഥം, "വിശുദ്ധി" എന്നാണ്. പത്രൊസ് പറഞ്ഞതുപോലെ, "'... ഞാൻ വിശുദ്ധൻ ആകയാൽ, നിങ്ങളും വിശുദ്ധരാകുവിൻ' എന്നു, എഴുതിയിരിക്കുന്നുവല്ലൊ" (1 പത്രൊസ് 1:15, 16). നീതിമാന്മാരാകാതെ ശരിയായി തീരുവാൻ നമുക്കു കഴിയും (മത്തായി 6:1–18), എന്നാൽ ശരിയായി തീരാതെ നമുക്കു നീതിമാന്മാരാകുവാൻ സാധ്യമല്ല. പാപികൾ രക്ഷിക്കപ്പെടണം, രക്ഷിക്കപ്പെട്ടവർ വിശുദ്ധീകരിക്കപ്പെടുകയും വേണം.

ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടവരാണ് (അതാണ് രക്ഷ). ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു (അതാണ് വിശുദ്ധീകരണം). ക്രിസ്ത്യാനികൾ രക്ഷിക്കപ്പെടും (അതാണ് തേജസ്ക്കരണം). രക്ഷിക്കപ്പെട്ടവർ, വീണ്ടും - രക്ഷിക്കപ്പെടുകയല്ല, വിശുദ്ധീകരിക്കപ്പെടുകയാണ് വേണ്ടത്. ദൈവം രക്ഷിക്കപ്പെടാത്തവരെ വിശുദ്ധീകരിക്കയില്ല.

ക്രിസ്തുവിൽ നമുക്ക് സ്ഥാനം ഉള്ളതുകൊണ്ട് നമുക്ക് രക്ഷയുണ്ട്. വിശുദ്ധീകരണം, എങ്ങനെയായാലും, ഒരു നടപടിയാണ്. ദൈവത്തോടുള്ള നമ്മുടെ അനുസരണം മുഖാന്തരമാണ് രക്ഷ വരുന്നത്; വിശുദ്ധീകരണത്തിനു ആയുഷ്ക്കാലം മുഴുവൻ വേണം. പൗലൊസ് എഴുതി, “എന്നാൽ മൂടുപടം നീങ്ങിയ മുഖത്തു, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി, നാം എല്ലാവരും, ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസിന്മേൽ തേജസ്സു പ്രാപിച്ചു, അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു” (2 കൊരിന്ത്യർ 3:18; എൻകെജെവി).

രക്ഷ, വിശുദ്ധീകരണം, തേജസ്ക്കരണം എന്നിവ നമുക്കു തെറ്റിദ്ധരിക്കാതിരിക്കാം. ആശയങ്ങളെ നാം ചിന്തിച്ചു പഠിക്കണം. ഈ മൂന്നു സത്യങ്ങളെയും കൂട്ടിക്കലർത്തിയിരിക്കുന്നതുകൊണ്ടാണ് മിക്ക മതപരമായ തെറ്റിദ്ധാരണകളും ഉണ്ടാകുന്നത്. ദീർഘകാലമായ ആലസ്യത്തെ തുടർന്ന് പെട്ടെന്നുള്ള മനക്ഷോഭമല്ല രക്ഷ എന്നത്.

### വിശ്വാസം, പൂർണ്ണതയല്ല

പൂർണ്ണതയില്ലാതെ ഒരാൾക്കു ക്രിസ്ത്യാനിയാകുവാൻ കഴിയുമോ? ഉവ്വു, കാരണം ഒരു ക്രിസ്ത്യാനിയും പൂർണ്ണനല്ല. ആളുകൾ പറയുന്നതു, “ഞാൻ പരിശ്രമിച്ചു പരാജയപ്പെട്ടു, അതുകൊണ്ടു ഞാൻ നിർത്തി.” തെറ്റിദ്ധരിക്കപ്പെട്ട ആശയങ്ങളിൽ നിന്നാണ് അങ്ങേയറ്റത്തേക്കു പോകുന്നത്. “ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ, എന്നേക്കും രക്ഷിക്കപ്പെട്ടു” എന്നതു തെറ്റാണ്. “ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ, ഒരിക്കലും രക്ഷിക്കപ്പെട്ടില്ല” എന്നതും തെറ്റാണ്! തങ്ങൾ രക്ഷിക്കപ്പെട്ടവരാണെന്നു ക്രിസ്ത്യാനികൾ അറിയണം (1 യോഹന്നാൻ 5:11–13). നമുക്കു പൂർണ്ണരാകുവാൻ കഴിയുകയില്ല; അതുകൊണ്ടു, നാം വിശ്വാസത്താൽ രക്ഷിക്കപ്പെടണം. നമുക്കു പൂർണ്ണരാകുവാൻ കഴിയുകയില്ല, എന്നാൽ, ഒരു ദിവസം, ഒരു സമയത്തോളം വിശ്വസ്തരാകുവാൻ കഴിയും (റോമർ 3:10, 23). വിശ്വാസം സ്നേഹത്താൽ വ്യാപരിക്കുന്നു! (നോക്കുക എബ്രായർ 11.) നമുക്കു, നമ്മളാൽ രക്ഷിക്കപ്പെടുവാൻ കഴിയാത്തതുകൊണ്ട്, നമ്മെ രക്ഷിക്കുവാൻ നാം യേശുവിൽ ആശ്രയിക്കണം. നമ്മുടെ വിശ്വാസം നമ്മെ രക്ഷിക്കുകയില്ല; നമ്മുടെ വിശ്വാസ ലക്ഷ്യം (യേശു) നമ്മെ രക്ഷിക്കുന്നു.

### ദിവസവും വെളിച്ചത്തിൽ നടക്കൽ

നാം വെളിച്ചത്തിൽ നടന്നാൽ പോലും വിശുദ്ധന്മാർ പാപം ചെയ്യും. വായിക്കുക 1 യോഹന്നാൻ 1:7–2:3. ക്രിസ്തുവിന്റെ രക്തം നമ്മെ രക്ഷിച്ചു; അവന്റെ “നിയമത്തിന്റെ രക്തം” നമ്മെ ശുദ്ധീകരിക്കയും ചെയ്യുന്നു (നോക്കുക എബ്രായർ 10:29). വിശുദ്ധന്മാർ പാപത്തിൽ നിന്നു നിരന്തരമായി കഴുകപ്പെടുകയും തുടർച്ചയായി വിശുദ്ധീകരണത്തിൽ വളരുകയും ചെയ്യുന്നു.

മോശെക്കു ഒരു ന്യായപ്രമാണ വ്യവസ്ഥ നല്കി; വിശുദ്ധന്മാർ ഇന്നു ജീവിക്കുന്നതു ഒരു വിശ്വാസ വ്യവസ്ഥയിലാണ്. ഭൂമിയിൽ ഏറ്റവും കൂടുതൽ പ്രാവർത്തികമായ കാര്യം വിശ്വാസമാണ്. നാം വിശ്വാസത്താൽ നടക്കുന്നു (പൂർണ്ണതയല്ല; 2 കൊരിന്ത്യർ 5:7). “നീതിമാനായ മനുഷ്യൻ

വിശ്വാസത്താൽ ജീവിക്കും" (നോക്കുക ഹബക്കുക് 2:4; റോമർ 1:17; ഗലാത്യർ 3:11; എബ്രായർ 10:38). ദൈവം സ്വയം ഉദ്ധരിക്കുമ്പോൾ നമുക്കു തിരുവെഴുത്തിൽ പ്രത്യേകമായി ശ്രദ്ധിക്കാം!

കുഴപ്പം പിടിച്ച "കൊരിന്തിലെ ദൈവ സഭ" വിശുദ്ധീകരിക്കപ്പെട്ടതായിരുന്നു (1 കൊരിന്ത്യർ 1:2). നീചമായ പാപികളായി, അവർ മാനസാന്തരപ്പെടുകയും അവരുടെ പാപങ്ങൾ കഴുകപ്പെടുകയും ചെയ്തു (1 കൊരിന്ത്യർ 6:9-11). അവർ ഉടനെ "വിശുദ്ധർ" ആയി തീരുകയും പിന്നെ അവർ ദിവസവും വിശുദ്ധീകരണത്തിൽ വളരുകയും ചെയ്തു.

ദൈവവും (യോഹന്നാൻ 10:36; 1 തെസലൊനിക്യർ 5:23) ക്രിസ്തുവും (1 കൊരിന്ത്യർ 1:30; എബ്രായർ 2:11) വിശുദ്ധീകരിക്കുന്നു. യേശുക്രിസ്തു ഒരിക്കലായി, എന്നേക്കുമായി, അർപ്പിച്ച യാഗമാണ് വിശുദ്ധീകരണത്തിന്റെ അടിസ്ഥാനം (എബ്രായർ 10:10, 14, 16-24, 29; നോക്കുക എബ്രായർ 7-9). സത്യവും (യോഹന്നാൻ 17:17, 19), "ദൈവ വചനവും പ്രാർത്ഥനയും" (1 തിമൊഥെയൊസ് 4:5), പരിശുദ്ധാത്മാവും (റോമർ 15:16; 1 പത്രൊസ് 1:2) വിശുദ്ധീകരിക്കുന്നു. ഇതിലെല്ലാറ്റിനും പുറമെ, വിശ്വാസവും വിശുദ്ധീകരിക്കുന്നു (പ്രവൃത്തികൾ 26:18).

എന്താണ് ഉപസംഹാരം? അവർ ആയിരുന്ന അവസ്ഥയിൽ തന്നെ വിടുവാനായിരുന്നില്ല കൊരിന്ത്യരെ യേശു രക്ഷിച്ചത്. വിശുദ്ധന്മാർ മാനസാന്തരത്തിൽ ജീവിക്കണം. "വിശുദ്ധന്മാർ," അവർ "പൂർണ്ണതയുള്ള ദൂതന്മാർ" അല്ല എങ്കിലും ദൈവമക്കൾ ആണ്. ഒരു ക്രിസ്ത്യാനി വിശുദ്ധീകരണത്തിലാണ് വളരുന്നത്.

### ശിഷ്യത്വം

വിശുദ്ധീകരണം ശിഷ്യത്വമാണ്, അത് കൂടുതൽ ക്രിസ്തുവിനെ പോലെ ആകുവാൻ വേണ്ടി പഠിക്കുകയും, വളരുകയും ചെയ്യുന്ന പ്രക്രിയയാണ്. നാം ക്രിസ്തുവിന്റെ ഭാവം ഉള്ളവരാകണം (ഫിലിപ്പിയർ 2:5-11), ദിവസേന ശരീരത്തെ ദണ്ഡിപ്പിക്കണം (1 കൊരിന്ത്യർ 9:23-27), പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞു പുതിയ മനുഷ്യനെ ധരിക്കണം (2 കൊരിന്ത്യർ 5:17; എഫെസ്യർ 4:22-24). യേശുക്രിസ്തുവിന്റെ കൃപയിലും പരിജ്ഞാനത്തിലും നാം വളരണം (2 പത്രൊസ് 3:18). നമ്മുടെ വളർച്ചയാൽ, നമ്മിൽ യേശു രൂപപ്പെടുന്നു (ഗലാത്യർ 4:19). എല്ലാ ചിന്തയും അവനിൽ അടിമയാകും (2 കൊരിന്ത്യർ 10:5).

ആത്മിയ സന്യാസികൾ ഇല്ല. ദൈവം വിശുദ്ധന്മാരെക്കൊണ്ടാണ് സഭ ഉണ്ടാക്കുന്നത്. സ്വയമായി ആർക്കും "ആത്മിയ അജാനുബാഹു" ആകുവാൻ സാധ്യമല്ല. നാം "സ്നേഹത്തിനും സൽപ്രവൃത്തികൾക്കും അന്യോന്യം ഉത്സാഹം ഉണർത്തുന്നു" (എബ്രായർ 10:24). നമ്മളെല്ലാം ശരീരത്തിന്റെ ഭാഗമാണ്. "ഏകാന്ത വനപാലകൻ" ആയ ക്രിസ്ത്യാനികൾ ഇല്ല. നാം പിൻതിരിയുകയില്ല - അവന്റെ ശരീരമായി നാം സേവിക്കുന്നു. നാം ദിവസവും തന്നെത്താൻ ത്യജിക്കുകയും നമ്മുടെ ക്രൂശെടുക്കയും വേണം (ലൂക്കൊസ് 9:23-26).

ഇരുപതാം - നൂറ്റാണ്ടിലെ വേദശാസ്ത്രജ്ഞനായിരുന്ന റെയിനോൾഡ് നിയേബുർ എഴുതി:

നമ്മുടെ ആയുഷ്ക്കാലത്തിൽ നേടാവുന്ന യോഗ്യമായ പ്രവൃത്തികൾ ഒന്നുമില്ല; അതുകൊണ്ടു നാം പ്രത്യാശയാൽ രക്ഷിക്കപ്പെടണം. ചരിത്രത്തിൽ അടുത്ത സമയത്തു നടന്ന സംഭവങ്ങളിൽ പൂർണ്ണ അർത്ഥമാക്കുന്ന ... ഒന്നുമില്ല; അതുകൊണ്ടു നാം വിശ്വാസത്താൽ രക്ഷിക്കപ്പെടണം. എങ്ങനെയായാലും, നാം ചെയ്യുന്നത് എത്ര ഗുണകരമായതായാലും, അത് ഒറ്റയ്ക്ക് നേടാവുന്നതല്ല; അതുകൊണ്ടു നാം സ്നേഹത്താൽ രക്ഷിക്കപ്പെടുന്നു.[1]

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]റെയിനോൾഡ് നിയേബുർ, *ദ ഐറണി ഓഫ് അമേരിക്കൻ ഹിസ്റ്ററി* (ന്യൂയോർക്ക്: ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1952), 63.

© 2009 Truth for Today